Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release
*Ref: 253/POC/K-6//DS* 18.11.2016

# കോഴ്സ് - മിഷൻ & ഇവാഞ്ചലൈസേഷൻ (വിറ്റ്നസ്സ് ഓഫ് മേഴ്സി കോഴ്സ്)

കൊച്ചി: കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി പ്രേഷിത ചൈതന്യവും, കാരുണ്യത്തിന്റെ അരൂപിയും സുവിശേഷവത്ക്കരണ തീക്ഷണതയുമുള്ള മിഷണറിമാരെ രൂപപ്പെടുത്താൻ കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പിഒസി ഒരു അജപാലന പരിശീലനം നല്കാൻ നിശ്ചയിച്ചിരിക്കുന്നു. 2016 നവംബർ മുതൽ 2017 മേയ് വരെയുള്ള മാസങ്ങളിൽ ഓരോ മാസവും ഓരോ ആഴ്ചവീതമുള്ള പരിശീലനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ക്ലാസ് റൂം പഠനം കൂടാതെ ഗ്രൂപ്പുവർക്ക്, വ്യക്തിഗത അവതരണങ്ങൾ, പുസ്തക അവലോകനം, ഔട്ട് റിച്ചുകൾ, ഫീൽഡ് വർക്ക് എന്നിവ ഉൾപ്പെടുത്തിയാണ് പരിശീലനം. വ്യക്തിത്വവികസനം, നേതൃത്വ പാഠവം, വ്യക്തിഗത കഴിവുകളുടെ പ്രോത്സാഹനം, മാനസിക പക്വത, ആത്മീയ വളർച്ച, വ്യക്തിപരമായ ശ്രദ്ധ, ഗ്രൂപ്പ് ഡൈനമിക്സ്, റോൾപ്ലേ എന്നിവയും പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയുടെയും, വിശിഷ്യ കേരളത്തിന്റെയും മിഷൻ പശ്ചാത്തലം, സുവിശേഷവത്ക്കരണത്തിന്റെയും മിഷണറി ദൗത്യത്തിന്റെയും സഭാപഠന-തിരുവചന അടിസ്ഥാനം, കൗദാശിക ജീവിതവും മിഷണറിദൗത്യവും, സംവാദവും സുവിശേഷവത്ക്കരണവും, മിഷണറി ദൗത്യത്തിന്റെ കാരിസവും മിനിസ്ട്രിയും, എക്യുമെനിസം, ക്രിസ്തീയ നേതൃത്വം എന്നിവയാണ് പ്രധാനം പാഠ്യഭാഗങ്ങൾ.

സുവിശേഷവത്ക്കരണത്തിലൂടെ കരുണയുടെ മിഷണറിമാരാകാൻ താത്പര്യമുള്ള അല്മായർ, സന്ന്യസ്തർ, വൈദികർ എന്നിവർക്ക് പ്രായഭേദമില്ലാതെ പങ്കെടുക്കാവുന്നതാണ്. പഠനങ്ങൾ മലയാളത്തിലായിരിക്കും. താത്പര്യമുള്ളവർ പി.ഒ.സിയുമായി ബന്ധപ്പെടുക.

ഫോൺ: 9895840991, 9495315990

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.